## മോഷണങ്ങളും പിടിച്ചുപറിയും

38 (324) ശ്രീ. വർക്കല കഹാർ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാപകമായി നടക്കുന്ന മോഷണങ്ങളും പിടിച്ചുപറിയും സംബന്ധിച്ച കേസുകൾ അന്വേഷിക്കുന്നതിൽ പോലീസിന് വീഴ്ച സംഭവിച്ചതായുള്ള ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) വർദ്ധിച്ചുവരുന്ന മോഷണവും പിടിച്ചുപറിയും സംബന്ധിച്ച കേസുകൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ; എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) മോഷണവും പിടിച്ചുപറിയും നടത്തുന്ന സംഘങ്ങളിൽ കൊല കേസ് പ്രതികളും ഉൾപ്പെട്ടിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ എത്ര കേസുകളിലാണ് മോഷണ സംഘത്തിൽ കൊലക്കേസ് പ്രതികളുള്ളതായി കണ്ടെത്തിയിട്ടുള്ളത്;

(ഡി) കൊലക്കേസ് പ്രതികളിൽ ഇനിയും ആരൊയൊക്കെയാണ് പിടികൂടാനുള്ളത് എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മോഷണവും പിടിച്ചുപറിയും സംബന്ധിച്ച കേസുകൾ റിപ്പോർട്ട് ചെയ്യുമ്പോൾ അവ കാര്യക്ഷമമായി അന്വേഷിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ട്. പ്രഗത്ഭരായ പോലീസുദ്യോഗസ്ഥന്മാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ ടീമുകൾ രൂപീകരിച്ചും, ട്രെയിനുകളിലും, റെയിൽവേ പരിസരങ്ങളിലും ബസ് സ്റ്റേഷനുകളിലും അടിയന്തിര ചെക്കിംഗും, കൂടാതെ കോമ്പിംഗും നടത്തി വരാറുണ്ട്.

(സി) കണ്ടെത്തിയിട്ടുണ്ട്. 17 കേസുകളിൽ.

(ഡി) വർക്കല പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 862/2010-ആയി രജിസ്റ്റർ ചെയ്ത കേസിലെ, A3നൂറനാടുള്ള ബാബു, A4-കബീർ, A5-ലിജു, A6-സനിജ്, A8-ഷിബു, A9-മുംതാസ്, A10-ബാവ, A11-മോഹനൻ എന്നീ പ്രതികളെ ഇനിയും പിടികൂടാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly